# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 140 28.05.2019 ൽ മറുപടിക്കുണ്ടായിരുന്നത്

## പെരിയ ഇരട്ടക്കൊലപാതകം സംബന്ധിച്ച അന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.പി.ടി. തോമസ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പെരിയ കല്ല്യാട്ടെ യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരായ ശരത് ലാലിന്റെയും കൃപേഷിന്റെയും ക്രൂരമായ കൊലപാതകം സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണ്; | (എ) അന്വേഷണം പൂർത്തിയാക്കി 20.05.2019 തീയതിയിൽ ബഹു.ഹോസ്ദുർഗ് JFCM-II കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. |
| (ബി) സി.പി.എം. നേതൃത്വത്തിന്റെ ഒത്താശയോട്ടുകൂടിയുള്ള കൊലപാതകമാണ് ഇതെന്ന കൊല്ലപ്പെട്ട യുവാക്കളുടെ മാതാപിതാക്കളുടെ ആരോപണത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്താണ് എന്നറിയിക്കാമോ; | (ബി) അന്വേഷണം നടത്തിയിട്ടുണ്ട്. സി.പി.എം നേതൃത്വത്തിന്റെ ഒത്താശയോട്ടുകൂടിയുള്ള കൊലപാതകമാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല. |
| (സി) കേസ് അന്വേഷണം സി.ബി.ഐ.ക്ക് വിടണമെന്ന് ആവശ്യപ്പെട്ട് ശരത് ലാലിന്റെയും കൃപേഷിന്റെയും മാതാപിതാക്കൾ ഹൈക്കോടതിയിൽ നൽകിയ ഹർജിയിൽ സർക്കാർ സ്വീകരിച്ച നിലപാടെന്താണ്; | (സി) യും (ഡി) യും സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ട് ശരത് ലാലിന്റേയും കൃപേഷിന്റേയും മാതാപിതാക്കൾ ബഹു.കേരളാ ഹൈക്കോടതിയിൽ നൽകിയ ഹർജി WP(C) 10265/19 നമ്പരായി ബഹു. കോടതിയുടെ പരിഗണനയിലാണ്. |
| (ഡി) ഈ കൊലപാതകത്തിലെ ഉന്നതതലത്തിലുള്ള ഗൂഢാലോചന പുറത്തുകൊണ്ടുവരുവാൻ കേസ് സി.ബി.ഐ.ക്ക് വിടുന്നതിന് തീരുമാനം കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ